പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1345 06-03-2020-ലെ മറുപടിയ്ക്ക്

**പ്രളയത്തിൽ നെല്ലും നെൽവിത്തുകളും നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ബി.ഡി. ദേവസ്സി** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) | 2018-ലെ മഹാപ്രളയത്തിൽ നെല്ലും നെൽവിത്തുകളും നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | 2018-19 സാമ്പത്തിക വർഷത്തിൽ ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ നെൽകൃഷി നഷ്ടപ്പെട്ട കർഷകർക്ക് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖാന്തിരം സമയബന്ധിതമായി 5650.85 മെട്രിക് ടൺ നെൽവിത്ത് ലഭ്യമാക്കി. ആകെ 2260.338 ലക്ഷം രൂപയുള്ള നെൽവിത്ത് കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തു.<br>നെൽകൃഷി നശിച്ച 19771 കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 3268.93899 ലക്ഷം രൂപയും പ്രകൃതിക്ഷോഭം പദ്ധതി പ്രകാരം 71560 കർഷകർക്ക് 5050.10254 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 357 കർഷകർക്ക് 68.7178 ലക്ഷം രൂപയും പ്രകൃതിക്ഷോഭം പദ്ധതി പ്രകാരം 1576 കർഷകർക്ക് 13.18131 ലക്ഷം രൂപയും നൽകുവാൻ ബാക്കിയുണ്ട്. നഷ്ടപരിഹാരം നൽകുന്നതിനുള്ള ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ചാലക്കുടി കൃഷിഭവന് കീഴിലുള്ള ചാലക്കുടി ഐ.കൃ.റോഡിലെ ചൂണ്ടാണി വീട്ടിൽ വിബിൻ സി.ബി.യുടെ നെല്ല് നഷ്ടപ്പെട്ടതിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായുള്ള അപേക്ഷ പരിഗണിച്ച് അർഹമായ ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ശ്രീ.വിബിൻ സി.ബി ഉൾപ്പെടെയുള്ള കർഷകരുടെ സംഭരിച്ചുവെച്ചിരുന്ന 27580 കി.ഗ്രാം നെൽവിത്താണ് 2018-ലെ പ്രളയത്തിൽ നശിച്ചുപോയത്. നിലവിലുള്ള വ്യവസ്ഥ പ്രകാരം സംഭരിച്ചു വച്ചിരിക്കുന്ന നെല്ല് പ്രളയത്തിൽ നശിച്ചു പോയതിന് നഷ്ടപരിഹാരം നൽകുന്നതിന് നിർവ്വാഹമില്ലായെങ്കിലും ടി കർഷകർക്ക് നഷ്ടപരിഹാരം നൽകുന്ന വിഷയം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ